ഉത്തരം

(എ) നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ബി) നൊച്ചാട് ഗ്രാമ പഞ്ചായത്തിലെ ചേനോളി മീത്തലാടത്ത് മീത്തൽ സത്യൻ, പള്ളിച്ചാലിൽ കദീജ, നെല്ലിയുള്ളതിൽ ആമിന എന്നിവരുടെ വീടുകൾ നശിച്ചതിന് ഓരോരുത്തർക്കും 10,000 രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചു. ഇതിൽ ആദ്യ ഗഡുവായ 5,000 രൂപ വീതം വിതരണം ചെയ്തു. ഈ തുക വീട് പുതുക്കി പണിയുന്നതിന് ഉപയോഗപ്പെടുത്തിയെന്നുള്ള വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് കൊയിലാണ്ടി തഹസിൽദാർ മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് കിട്ടിയാലുടൻ ബാക്കി തുക വിതരണം ചെയ്യുന്നതാണ്. 2004-ൽ നൊച്ചാട് വില്ലേജിൽ കൃഷി നശിച്ച 562 കർഷകർക്ക് 3,76,361 രൂപ നഷ്ടപരിഹാരം അനുവദിച്ചു. ചേനോളിയിൽ മാത്രം കൃഷി നശിച്ചവരുടെ വിവരം ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ ആയത് ശേഖരിച്ചുവരുന്നു.

(സി) വീട് നശിച്ച മൂന്ന് പേർക്ക് രണ്ടാമത്തെ ഗഡുവായ 5,000 രൂപ വീതം അനുവദിക്കാൻ ബാക്കിയുണ്ട്. ഇക്കാര്യത്തിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് കിട്ടിയാലുടൻ ബാക്കി തുക വിതരണം ചെയ്യുന്നതാണ്.

റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് അനുവദിച്ച തുക

144 [1083] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-2005 വരെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവൃത്തിയുടെ ഭാഗമായി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് കോഴിക്കോട് ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിനും അനുവദിച്ച തുക മണ്ഡലം തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ ?

ഉത്തരം

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവൃത്തിയുടെ ഭാഗമായി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് ജില്ലാ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

145 [1084] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-ൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടായി എത്ര രൂപയാണ് റവന്യൂ വകുപ്പിന് കിട്ടിയിട്ടുള്ളത് ; ഇതിൽ ഓരോ ജില്ലയ്ക്കും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) എൻ.സി.ആർ.എഫിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ച പ്രവൃത്തികളുടെ ബില്ലുകൾ എത്ര മാസമായി പെൻഡിംഗിലാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ. ഓരോ ജില്ലയിലും എന്നു മുതൽക്കുള്ള തുകകളാണെന്നും എത്രവീതമാണ് കൊടുക്കാനുള്ളതെന്നും പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly